# രാജർഷി

| പുസ്തകം 8 | കുംഭം | ലക്കം 7 |
| --- | --- | --- |

## മംഗളം.

—*—

ശ്രീമദ്വിദ്യാരസജ്ഞർക്കനുപമമധുരം
ഗദ്യപദ്യപ്രസൂന-
സ്തോമഭ്രാജന്മരന്ദം പരമരുളി ഭവാ-
ന്തങ്കമാഹന്ത! മാററി
ക്ഷേമംചേർക്കുന്ന ഗോപാലകകരപട്ടതാ
പുഷ്ടസാഹിത്യശീലാ-
രാമത്തിങ്കൽ പ്രസന്നാനനമൊടു വിഹരി-
ക്കട്ടെ "രാജർഷി" നിത്യം!!

സാഹിത്യശിരോമണി,
പി. കെ. ഗോവിന്ദപ്പിള്ള ശാസ്ത്രി.

## കാലദേവതയുടെ കനകഭൂഷണങ്ങൾ.

എന്നും യഥാർത്ഥമായിട്ടുള്ള ചില നീതിവാക്യങ്ങളുണ്ട്. അവയുടെ വിജ്ഞാനപ്രകാശം മനുഷ്യർക്കു മാർഗ്ഗദർശകമായിരിക്കുന്നു. 'കാലമാകുന്ന ദേവത തന്റെ നീണ്ട അംഗുലികളിൽ അണിഞ്ഞിരിക്കുന്ന മോതിരങ്ങൾക്കു സദൃശങ്ങളാണവ' എന്നു് ഒരു കവി വർണ്ണിച്ചിരിക്കുന്നു. വിവിധഭാഷകളിൽ കാണുന്ന അത്തരം ഭൂഷണങ്ങളിൽ ചിലവയെപ്പററി താഴെ പ്രസ്താവിക്കുന്നു.

1. ഇത്രയേറെ പുസ്തകങ്ങളുടെ നടുവിൽ ഒന്നെങ്കിലും ആസ്വദിക്കാതെ മനുഷ്യൻ പട്ടിണികിടക്കുന്നല്ലോ എന്നു പുസ്തകം കരളുന്ന ചിതൽ ആശ്ചര്യപ്പെട്ടുപോലും! ടാഗോർ.

തൻെറ അറിവിൽ പെടാത്ത വിഷയങ്ങളെക്കുറിച്ച് ഒരുവൻ അഭിപ്രായം പറയുന്നതിനു ദൃഷ്ടാന്തമാണിത്. എന്നുമാത്രമല്ല അവൻെറ അഭിപ്രായത്തെ മററുള്ളവർ എതിൎക്കുന്നതിനുള്ള കാരണം അവൻെറ ശ്രദ്ധയ്ക്കു വിഷയമാകുന്നതെങ്ങനെ?

2. ദൈവത്തിനു ആലസ്യമില്ല; എന്നാൽ ഒത്താശയ്ക്കു പ്രിയമുണ്ടുതാനും. ഫ്രഞ്ച്.

ദൈവം നമുക്കു ഇടവിടാതെ നന്മചെയ്യും. എന്നാൽ ചുമതല മുഴുവനും ദൈവത്തിൻെറ മേൽ ചുമത്തിയിട്ടു നാം വൃഥാ ഇരിക്കരുത്. നാം പരിശ്രമം തുടൎന്നുകൊണ്ടിരുന്നാൽ അഭീഷ്ടസാദ്ധ്യത്തിനു ദൈവവും സഹായിക്കും.

3. നാല്പതിനുമേലാണ് മനുഷ്യൻ ജനിക്കുന്നത്. അമേരിക്കൻ പ്രവചനം.

മനുഷ്യജീവിതത്തിൽ ഉത്സാഹം കൊടുക്കത്തക്കവിധം അമേരിക്കയിലെ ഐക്യനാടുകളിലുള്ള ജനങ്ങൾ പറയാറുള്ളതാണിത്. 'അയ്യോ എനിക്കു വയസ്സു നാല്പതായിട്ടും ഒരു നല്ല സ്ഥാനത്തെത്തിയില്ലല്ലോ, ധനം സമ്പാദിച്ചില്ലല്ലോ'എന്നു വിചാരിച്ചു ഒരുവനും നിരാശപ്പെടേണ്ടതില്ല. ഈ നാല്പതോ അമ്പതോ വൎഷങ്ങൾ നിഷ്പ്രയോജനമായിപ്പോയിട്ടില്ല. അനുഭവം വേണ്ടുവോളം സമ്പാദിച്ചുകഴിഞ്ഞു. ദേഹത്തെയും മനസ്സിനേയുംപരിശീലിപ്പിച്ചുകഴിഞ്ഞു. ഇവയുടെ സഹായത്താൽ ഇനിമേലാണ്‌യഥാൎത്ഥത്തിൽ എൻെറ ജീവിതം സമാരംഭിക്കാൻപോകുന്നത്. അതുകൊണ്ട് ഞാൻ ഇപ്പോൾ ജനിച്ചതായിട്ടാണ് കരുതേണ്ടത്. അല്ലാതെ അധൈൎയ്യപ്പെടുകയോ? എന്നിങ്ങനെ വിചാരിച്ചു ഉത്സാഹപൂൎവ്വം ലോകജീവിതത്തിലെ ക്ലേശങ്ങളോടു എതിരിട്ടമെങ്കിൽ തീൎച്ചയായിട്ടും വിജയിയായിത്തീരും.

4. പതിവ് എന്നതു് ആദ്യം ഒട്ടട, പിന്നീട് ആയസശൃംഖല. ഇംഗ്ലീഷ്.

ചീത്ത നടപടികളെ ആരംഭത്തിലേ നശിപ്പിക്കുന്നതാണ് എളുപ്പം.

5. പ്രവൃത്തിയെല്ലാം നാളത്തേക്ക്. ഗ്രീക്ക്.

സുപ്രസിദ്ധനായ ഒരു ഗ്രീക്കുകാരന്ന് സമയം മുഴുവൻ സന്തോഷമായി കഴിക്കുന്നതാണിഷ്ടം. അത്യാവശ്യമായ കടമയെപ്പററി അയാളോടു പറഞ്ഞാൽ 'പ്രവൃത്തിയോ? അതെല്ലാം നാളെയാകട്ടെ' എന്നു പറഞ്ഞൊഴിയുക പതിവാണ്. ഒരു ദിവസം സദ്യയുണ്ടുകൊണ്ടിരിക്കുമ്പോൾ 'അത്യാവശ്യം' എന്നുള്ള മുഖവുരയോടുകൂടി ഒരു കത്തു അയാളുടെ പക്കൽ കൊടുത്തു അയാൾ പുറത്തേക്കിറങ്ങുമ്പോൾ ശത്രുക്കൾ കൊല്ലാനായി കാത്തുകൊണ്ടിരിക്കുന്നുവെന്നു അതിൽ കാണിച്ചിരുന്നു. എന്നാൽ എഴുത്തു പൊട്ടിച്ചുനോക്കാതെ പതിവുപോലെ 'അത്യവശ്യമോ? നാളെയാകട്ടെ' എന്നു പറഞ്ഞു അതിനെ കീറിയെറിഞ്ഞു. സദ്യ കഴിഞ്ഞു പുറത്തിറങ്ങിയ ഉടനെ അയാൾ കൊല്ലപ്പെട്ടു.

ഈ വിവരം നാട്ടിലെങ്ങും പരന്നപ്പോൾ, ഇത്തരം അലസശിരോമണികൾക്കു മുന്നറിയിപ്പായി ഈ വചനവും നാട്ടിൽ പ്രചരിച്ചുവത്രേ!

6. തലവേദനയുള്ളവനോടു ചോദിച്ചാൽ, 'തലവേദനയില്ലാത്തവക്കു സുഖത്തിനു കുറവെന്തു്?' എന്നു പറയും. ഏഴകളെല്ലാം പണക്കാരെപ്പററി ഇങ്ങനെതന്നെ വിചാരിക്കുന്നു. ഇംഗ്ലീഷ്.

തലവേദനക്കാരൻ വിചാരിക്കുന്നതു ശരിയല്ലെന്നു മിക്കവാറും എല്ലാവരും സമ്മതിക്കും. എന്നാൽ പണത്തിൻെറ കാര്യത്തിൽ അപ്രകാരമല്ലെന്നു വിചാരിക്കുന്നു. 'ദരിദ്രതയെ നശിപ്പിച്ചാൽ പിന്നെന്താണ് വേണ്ടതു്' എന്നാണ് ഭാവം. ഏതിനും നമ്മുടെ കയ്യിൽ പണമുണ്ടാകട്ടെ പിന്നീട് അതിൻെറ സഹായത്തോടുകൂടി, യാതൊരു കുറവുംകൂടാതെ നമുക്കു തൃപ്തിയായി ജീവിക്കാൻ കഴിയുമോ ഇല്ലയോ എന്നു നോക്കാം എന്നായിരിക്കും പറയുന്നതു്.

7. കുതിരയിൽനിന്നു വീണവന്ന് മരുന്ന്; ഒട്ടകത്തിൽനിന്നു വീണവന്ന് മൺവെട്ടി. ടർക്കി.

ദുഷ്ടസ്വഭാവിയായ ഒട്ടകം മനുഷ്യനെ താഴെ തള്ളിയിട്ടിട്ടു ചവിട്ടുകയും കടിക്കുകയും മററും ചെയ്യുന്നു. പിന്നീട് അവനെ മറവുചെയ്യാൻ വഴിതേടുകയാണാവശ്യം. അല്ലാതെ മരുന്നുകൊടുക്കുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ല. ചെറിയ ആപത്തിനുള്ള പരിഹാരം വലിയ ആപത്തിനു പ്രയോജനപ്പെടുകയില്ല.

8. ശരിയായി മൂടുന്നതിനു സിംഹത്തോൽ തികഞ്ഞില്ലെങ്കിൽ കുറുക്കൻെറ തോൽ ഒട്ടിക്കുന്നതു് ന്യായം തന്നെയല്ലേ? ഗ്രീക്ക്.

ശത്രുക്കളെ എതിർത്തു പോരാടുന്നതിനുപകരം, നീ എന്തിനാണ് ചില സന്ദർഭങ്ങളിൽ കാപട്യംമൂലം ജയം നേടുന്നതു്? എന്നു ലൈസാണ്ടർ രാജാവിനോടു അയാളുടെ സ്നേഹിതന്മാർ ചോദിച്ചപ്പോൾ പറഞ്ഞ ഉത്തരമാണിതു്.

9. അവൻ വെള്ളത്തിനു ചായമിടുന്നു. അറബി.

വ്യാഖ്യാനം വേണ്ടല്ലോ?

10 കോണൽ ഇല്ലാത്ത തെങ്ങിനേയും വാഗ്വാദത്തിൽ ക്ഷീണിക്കുന്ന സ്ത്രീയേയും ജീവിതത്തിൽ ഒരിക്കലേ കാണാൻ കഴികയുള്ളൂ. സംസ്കൃതം.

ഇപ്രകാരം പറഞ്ഞ മഹർഷിയുടെ കുടുംബജീവിതം എപ്രകാരമായിരുന്നുവെന്നോ തെററു് ആരുടെ പേരിൽ ആയിരുന്നുവെന്നോ കണ്ടുപിടിക്കുക വിഷമം. ഏതായാലും ഇതു മിഥ്യാപവാദമെന്നുള്ളതിനു സംശയമില്ല. വാദിക്കുന്നവർ ഇരുവരും സ്ത്രീകളായിരുന്നാൽ ഒരാൾ ക്ഷീണിക്കാതെ തരമില്ലല്ലോ?

വിവേകിയ്ക്കു് ഒരു വാക്ക്. ലാററിൻ.

ഒരു വാക്കറിഞ്ഞാൽ മതി. വിവേകമുള്ളവൻ ആവശ്യമുള്ളതു മുഴുവൻ അതിൽ ഗ്രഹിച്ചുകൊള്ളും.

ഒരു പരന്ത്രീസു പണ്ഡിതൻ, ഇംഗ്ലീഷുകാരിലൊരുവനുമായി വൈഷമ്യമേറിയ ഒരു വിഷയത്തെപ്പററി അല്പം മാത്രം പറഞ്ഞിട്ടു കൂടുതൽ പറയാൻ ഇഷ്ടപ്പെടാതെ 'വിവേകിക്കു് ഒരു വാക്കു്' എന്നു പറഞ്ഞുനിർത്തി. ഇംഗ്ലീഷുകാരൻ വളരെ വണക്കത്തോടുകൂടി തലതാഴ്ത്തി 'പറയുന്ന ആളും വിവേകിയായിരുന്നാൽ അര വാക്കു മതി' എന്നു പ്രതിവചിച്ചു പഴമൊഴിയെ തിരുത്തി.

12. എവിടെ സ്ത്രീകളെ ബഹുമാനിക്കുന്നുവോ അവിടെ ദേവതകൾ തുഷ്ടിപ്രാപിക്കുന്നു. മനു.

സ്ത്രീകളെപ്പററിയുള്ള മതിപ്പാണു് ഒരു നാട്ടിൻെറ നാഗരികലക്ഷ്യം എന്നു പല ഭാഷകളിലും ഉള്ള വചനങ്ങൾ തെളിയിക്കുന്നു.

13. വീശാനറിഞ്ഞവനാണു് കത്തി. കയറാനറിഞ്ഞവനാണു് കുതിര. ടർക്കി.

അറിഞ്ഞുകൂടാത്തവൻ കുതിരയിൽ കയറിയാൽ താഴെ വീഴും. അവന്റെ കയ്യിലുള്ള കത്തിയെ ശത്രു പിടിച്ചുപറിച്ചു അവന്റെ ശരീരത്തിൽതന്നെ പ്രയോഗിക്കും.

14. ചാക്കരുവി പാടിയാൽ എല്ലാവരും മരിക്കും. ഞങ്ങളുടെ സ്ഥലത്തുള്ള ഭാഗവതർ പാടിയാൽ ചാക്കരുവി മരിക്കും. തമിഴ്.

വ്യാഖ്യാനം ആവശ്യമില്ല.

15. ലോകത്തുള്ള ജ്ഞാനം മുഴുവൻ ഒരുവന്റെ തലയ്ക്കകത്തു അടങ്ങുകയില്ല. ഇംഗ്ലീഷ്.

ഇതിന്റെ യാഥാർത്ഥ്യം ചില സവ്ദേശാധികാരികൾ ഗ്രഹിക്കാത്തതുകൊണ്ടാണ് ഒടുവിൽ സ്വയം നശിക്കുന്നതു്. തന്മൂലം ലോകത്തിനു മോചനം കിട്ടുന്നുമുണ്ടു്.

M. 958

16. ഞങ്ങളുടെ നാട്ടിലെ വൈദ്യൻ എനിക്കു വൈദ്യം ചെയ്യാറില്ല; ശസ്ത്രക്രിയ ചെയ്യുന്നുമില്ല. എനിക്കു ജ്വരം വന്നപ്പോൾ അയാളുടെ പേരു ജപിച്ചു. പ്രയാസംകൂടാതെ മരിച്ചു.

ഒരു ശവകുടീരത്തിലെ ലിഖിതം.

വ്യാഖ്യാനം വേണ്ട.

17. പാലം കടക്കുവോളം നാരായണാ നാരായണാ, പാലം കടന്നാൽ പിന്നെ കൂരായണാ. മലയാളം.

ചിലർ കാര്യം സാധിക്കുന്നതുവരെ ഭക്തിയും വിനയവും മററും പ്രദർശിപ്പിക്കും. കാര്യം നേടിക്കഴിഞ്ഞശേഷം കണ്ടാൽ അറിയുന്ന ഭാവം പോലും കാണിക്കയില്ല.

18. എന്റെ മകൻ ചിരഞ്ജീവിയായിരിക്കണം. എന്റെ സ്നുഷ ഇന്നുതന്നെ വിധവയാകണം. തെലുങ്ക്.

പണ്ടത്തെ അമ്മാവി(യി)മാരുടെ പ്രാർത്ഥനയാണിതു്. ഇക്കാലത്തു ഇതിനുപമ വേണമെങ്കിൽ ചില രാഷ്ട്രീയ പരിഷ്കാരങ്ങളെത്തേടിയാൽ മതിയെന്നു ഒരു പണ്ഡിതൻ പറയുന്നു.

സൂചിക്കുവേണ്ടി കുനിയാത്തവൻ ധൂളിപോലും നേടുകയില്ല. ഇംഗ്ലീഷ്.

ഒരു സൂചി താഴെ കിടന്നാൽ കുനിഞ്ഞു അതിനെ എടുക്കാതെ അതു നിസ്സാരമെന്നു അലക്ഷ്യം ചെയ്യുന്നവനു് ധനം നേടാൻ കഴിയുകയില്ല കയ്യിലുള്ളതും കളഞ്ഞുകുളിക്കും.

20. ആശയുടെ കുഞ്ഞാണ് അഭിപ്രായം. ഇംഗ്ലീഷ്.

അഗാധമായ ഒരു തത്വമാണിത്. മൂന്നു നൂററാണ്ടുകൾക്കു മുമ്പേ ഷേക്സ്പീയർ മഹാകവി പറഞ്ഞതാകുന്നു. നമ്മുടെ മതം, ഭാഷ, കക്ഷി സമുദായനടപടികൾ, ആശയങ്ങൾ എന്നിവയെല്ലാം ഉയന്നതായിരിക്കണമെന്നു നാം ആശിക്കുന്നു അവ ഉയന്നതെന്നു പുറമേ ഭാവിക്കയും ചെയ്യുന്നു. ഏകപക്ഷമായി വിധിയെഴുത്തും കഴിക്കുന്നു. ഇതിനിടയിൽ അയൽനാട്ടുകാരൻ ഇതേവിധം അയാളുടെ നാടിനെപ്പററി വിചാരിക്കുമ്പോൾ അതു നമുക്കു രസിക്കുന്നുമില്ല എന്നിട്ടു ലോകത്തു കലഹമുണ്ടാകുന്നതിനെപ്പററി വിസ്മയിക്കയും ചെയ്യുന്നു.

വിദ്വാൻ വി ആർ. പരമേശ്വരൻ പിള്ള
പി കെ. എൽ.

## മമാംബ

—*—

ശ്രിയമുചിതാം മമാംബ പരിവർദ്ധയ പൂർണ്ണദയേ!
ഭഗവതി! തേ പദം കുശലധാമ ഭജേ വിനതഃ
നിജകലയാ വിധായ ഭുവനാനി വിധാതുനുതേ!
പുനരിഹ ചേതനാ സ്വയമിമാനി വിചേഷ്ടയസി.

2

നഭ ഉഷസേവ ദേവി തവ പാദസരോജരുചാ
ഭവതി മനോ യദീയമുപരംജിതമാത്മഗതേ
ഖ്യുമണിവദ്ദ്വിജാലസ്സകലദുഃഖതമാംസി നുദൻ
ഉദയതി തത്ര നൂനമിഹ ഭാഗ്യചയോപ്യനഘഃ

3

തവ ഖലു വിശ്വരാജ്ഞി പരിപൂർണ്ണകലേ കലയാ
ദധതി മഹത്വമംബ വിധിവിഷ്ണുശിവാസ്സസുരാഃ
അവധൃതചേതസസ്തവ ഹി തേഷ്വത ഏവ ഹി തേ
വിഹിതപരിശ്രമാഃ ഖലു ഗതാ ഭുവനേശ്വരതാം.

4

ഭവജനിതോഗ്രതാപശമിശാന്തിവിധായിനി തേ
വപുരഭിവീക്ഷ്യ ചിൽസുഖരസൈകമയം മുനയഃ
ശ്വസിതജയോപരുദ്ധനിഖിലേന്ദ്രിയധീരധിയോ
ഭഗവതി കാലശക്തിമതിലംഘ്യ ലസന്തി സദാ.

5

നിഖിലനിയാമികാമവിഗണയ്യ ഹൃദാ ഭവതീം
യ ഇഹ ചരന്തി പൌരുഷമുപേത്യ ഗതിം കുധിയഃ
സമധിഗതാശ്ചിരായ കുശലം കിമപീഹ പുന-
ർഭഗവതി മായയാ തവ പതന്തി ഹതാ നിരയേ.

6

പരിചരണം പദോസ്തവ യഥാത്മബലം ദൃഢയാ
വിരചയതാം ധിയാ ത്വമിഹ ദേവി ദയാമസൃണാ
അപഗതപാപ്മ ഭാസയസി മാനസമാത്മരുചാ
തദനു വിവേകിനസ്ത്വപസരന്ത്യപി തേ നിരയാൽ.

7

അമൃതമയം വദന്തി തവ രൂപമുദാരഗുണേ!
മുനയ ഉപാസകാ ഹൃദയഗോചരമാർത്തിഹരം
തദയി രമേ, വിഹായ ഭവതീമഭയായ ഗതിം
ക്വ നു മൃഗയേയ മൃത്യുമുഖഭീഷിതബുദ്ധിരഹം

8

ഇഹ സുഖിനോ മൃതാ ദിവി ന യാന്തി സുഖസ്യ പദം
യദി തു പരത്ര തദ്വിവിധകർമ്മഭിരത്ര ഹതം.
പദഭജനാത്തവ ദ്വിതയമപ്യമൃതം ച നൃണാം
സുലഭമതസ്ത്വദംഘ്രിമുപയാന്തി വിബുദ്ധധിയഃ

പഴവിൽ. ഇ. കൃഷ്ണവാരിയർ.

---

# കല്ലിനാഥൻ.

നിരൂപണം

## ബൃഹച്ഛ്ലേഷാവശേഷം.

---

കല്ലിനാഥൻ ‘രാഷ്ട്രീയ’ത്തെ സംബന്ധിച്ചു രണ്ടു ലേഖനങ്ങൾ തുടർച്ചയായ് ചേർക്കുവാൻ എഴുതിക്കൊടുത്തു് കാര്യാന്തരം നിമിത്തം ദേശാന്തരം പോയിരിക്കയായിരുന്നു. തിരിച്ചെത്തിയപ്പോഴാണു്, ബ്രഹ്മശ്രീ പി. എസ് അനന്തനാരായണശാസ്ത്രികളുടെ വിധിയും ബിരുദമില്ലാത്ത ഒരു സാധു വൈയാകരണന്റെ ആവലാതിയും മല്ലിനാഥന്റെ മുറുകിയാട്ടവും ബിരുദമുള്ള ഒരു വൈയാകരണന്റെ അഭിപ്രായപ്രകടനവും അറിയാൻ ഇടയായതു്. എന്നാൽ അഭിപ്രായപ്രകടനം മുഴുവനാകാതെ ഇടയ്ക്കുകേറിപ്പറയുന്നതു ശരിയല്ലെന്നുവെച്ചു് കുറേക്കൂടി കാത്തിരിക്കേണ്ടതായും വന്നു. ഇനി കല്ലിനാഥനുള്ള അവസരമാണു്. കടലാസിനു വില വളരെ കൂടിയിരിക്കയാൽ പറയാനുള്ളതു നന്നേ ചുരുക്കിപ്പറയാം.

“ആത്മനി അധികൃതം എന്നർത്ഥത്തിൽ അദ്ധ്യാത്മം പണ്ടേ തന്നെ വിശേഷണമാണു്” “ക്ഷണ്” ധാതുവിൽ അന് ചേർത്തു് ക്ഷണനം എന്ന നാമം ഉണ്ടാക്കാം “മാലാ ശബ്ദത്തിൽനിന്നുണ്ടാകുന്ന മാലേയശബ്ദമാണു് മാരുതനിൽ കാണുന്നതു് എന്നു വിചാരിക്കാൻ

തരമില്ല" "രാഷ്ട്രശബ്ദത്തിൽനിന്ന് 'ഘ'പ്രത്യയമാണ് പാണിനി വിധിച്ചിട്ടുള്ളതെങ്കിലും 'ഛ'പ്രത്യയം വരികയില്ലെന്നു നിഷേധിച്ചിട്ടില്ലായ്കയാൽ 'തത്ര ഭവഃ' 'തത്ര ജാതഃ' എന്നീ അർത്ഥങ്ങളിൽ ഛപ്രത്യയം വരും" എന്നീ വിധത്തിലുള്ള അസംബന്ധങ്ങൾ അതിരുമെതിരുമില്ലാതെ ക്രസൽവിട്ടു തട്ടിവിടുന്ന ശാബ്ദികംമന്യനായ മല്ലിനാഥൻ കല്ലിനാഥൻെറ വാദഗതി മനസ്സിലാക്കാതെ മൌർഖ്യം പ്രകടിപ്പിച്ചിട്ടുണ്ടെങ്കിൽ അതിൽ ആശ്ചര്യത്തിനോ പരിതാപത്തിനോ അവകാശമില്ല. എന്നാൽ, ആ സ്ഥിതി ബിരുദമില്ലെങ്കിലും എത്ര സാധുവായിരിക്കിലും ഒരു വൈയാകരണനിൽ കാണുക പരിതാപകരം തന്നെയാണ്.

ഏതായാലും ശേഷാർത്ഥത്തെ പുരസ്കരിച്ചുകൊണ്ടുള്ള കല്ലിനാഥൻെറ വാദത്തെ ശേഷാധികാരവിഷയമായി തെററിദ്ധരിച്ചുകൊണ്ടു സാധുവൈയാകരണൻ ചെയ്തിരിക്കുന്ന അധിക്ഷേപത്തിനോ ആവലാതിക്കോ സമാധാനം പറയേണ്ടുന്ന ആവശ്യകതയുണ്ടെന്നു തോന്നുന്നില്ല. എങ്കിലും 'തസ്മൈ ഹിതം' എന്ന അർത്ഥത്തിൽ 'രാഷ്ട്രീയം' സാധുവാണെന്നഭിപ്രായപ്പെടുന്ന ബിരുദമുള്ള വൈയാകരണനോടും ബ്രഹ്മശ്രീ പി. എസ്. അനന്തനാരായണശാസ്ത്രി അവർകളോടും സ്വല്പം ചിലതു ബോധിപ്പിക്കേണ്ടതായിട്ടാണിരിക്കുന്നത്.

മല്ലിനാഥനോടുള്ള എതിർപ്പിൽ ഉത്കടമായ ഔദ്ധത്യം ഉയർന്നു കാണുന്നുണ്ടെന്നു ബിരുദമുള്ള വൈയാകരണൻ അഭിപ്രായപ്പെട്ടതിൽ കല്ലിനാഥന്നു പരിഭവമില്ല.

"ദാക്ഷിണ്യം സ്വജനേ ദയാ പരിജനേ ശാഠ്യം സദാ ദുർജ്ജനേ
പ്രീതിസ്സാധുജനേ നയോ നൃപജനേ വിദ്വജ്ജനേഷ്വാർജ്ജവം"

എന്ന ഭർത്തൃഹരിസൂക്തി കല്ലിനാഥന്നു പ്രമാണമാണ്. അതിനാൽ വക്തവ്യൌചിത്യാനുസാരിയായ ആ ശാഠ്യം—ബിരുദമുള്ള വൈയാകരണൻ അഭിപ്രായപ്പെടുന്ന ആ ഔദ്ധത്യം—അവസരപ്രാപ്തമായ ആഗന്തുകഗുണമല്ലാതെ സഹജമല്ലെന്നുമാത്രമാണ് ആ വിഷയത്തിൽ ഇൗയുള്ളവനു പറയാനുള്ളത്. ഒരു കാര്യം തീർച്ചതന്നെ. സർവ്വജ്ഞനാണെന്നു നടിച്ചു സാധാരണജനങ്ങളെ വഞ്ചിച്ചു പേരെടുക്കാൻമുതിരുന്ന മൂഢന്മാരായ ചില പൌണ്ഡ്രകവാസുദേവന്മാരോടു എതിൎക്കുമ്പോൾ കല്ലിനാഥൻ പ്രകടിപ്പിക്കുന്ന അടവും യഥാർത്ഥപണ്ഡിതന്മാരോടു നേരിടേണ്ടിവരുമ്പോൾ പ്രദർശിപ്പിക്കുന്ന അടവും വളരെ വ്യത്യസ്തമായി

ട്ടാണിരിക്കുക. "തസ്യ വികാരഃ" എന്ന സൂത്രത്തിലെ തസ്യ ഗ്രഹണ സാമൎത്ഥ്യവും മററും മല്ലിനാഥനാണുപന്യസിച്ചിരുന്നതെങ്കിൽ സമാധാനം മല്ലിനാഥനു പററിയ വിധത്തിൽത്തന്നെയായിരുന്നേനേ. തൽക്കാലാവശ്യത്തിലേക്കു വല്ല പണ്ഡിതന്മാരോടും ചോദിച്ചു വല്ലതും മനസ്സിലാക്കി വല്ലതും എഴുതിയാൽ വേണ്ടതുപോലെയാവുകയില്ലെന്നു കല്ലിനാഥനുനല്ലപോലെ അറിയാം.

ആബദ്ധകൃത്രിമസടാജടിലാംസഭിത്തി-
രാരോപിതോ മൃഗപതേഃ പദവീം യദി ശ്വാ
മത്തേഭകുംഭതടപാടനലമ്പടസ്യ
നാദം കരിഷ്യതി കഥം ഹരിണാധിപസ്യ.

എന്ന അഭിജ്ഞവചനം അന്യഥാ ഭവിക്കുമോ?

"ജാതവിധിഃ യത്ര ശ്രൂയതേ തദാരഭ്യ വികാരവിധേഃ പ്രാക് ശേഷ ഇത്യധികാരോയം" എന്നും മററും പ്രഫ്സർ മല്ലിനാഥൻ പ്രവചിച്ചിരിക്കുന്നതു് പലൎക്കും അറിയാമല്ലോ.

അതിരിക്കട്ടെ. പാണിനീയന്മാർ ശേഷാധികാരപ്രയോജനത്തിനായി "ശൈഷികാന്മത്വൎത്ഥീയാച്ഛൈഷികോ ന" എന്നതുവരെക്കും അനുധാവനം ചെയ്തിരിക്കുന്നതു 'തസ്യ വികാരഃ' എന്ന സൂത്രത്തിലെ തസ്യ ഗ്രഹണസാമൎത്ഥ്യത്താൽ ഘാദിപ്രത്യയങ്ങൾക്കു ഹിതാൎത്ഥക ഛപ്രത്യയബാധകത്വം ദുർഘടമാകകൊണ്ടാണെന്നും ആകയാൽ 'തസ്മൈ ഹിത'മെന്ന അൎത്ഥത്തിൽ രാഷ്ട്രശബ്ദത്തിന്നു 'ഛ'പ്രത്യയം വരാവുന്നതാണെന്നും ബിരുദമുള്ള വൈയാകരണൻ ഉപന്യസിച്ചിരിക്കുന്നതു് ഒരു വിധം ശരിയാണെന്നു സമ്മതിക്കാം. എങ്കിലും, അതുകൊണ്ടു് രാഷ്ട്രീയ ശബ്ദം സാധുവാണെന്നുള്ള അദ്ദേഹത്തിൻെറ അഭിപ്രായത്തോടു യോജിക്കുവാൻ കല്ലിനാഥനു കഴികയില്ലെന്നു പറയേണ്ടിയിരിക്കുന്നു. കഴിവില്ലായ്മക്കു കാരണം. "യഥാലക്ഷണമപ്രയുക്തേ" എന്ന മഹാഭാഷ്യവചനവും "നൈവ വാ ലക്ഷണമപ്രയുക്തേ; പ്രയുക്താനാമേവ ലക്ഷണേനാന്വാഖ്യാനാൽ" എന്ന കൈയടവിവരണവും "ലക്ഷണസ്യാഭാവഃ അലക്ഷണം തസ്യ യോഗ്യതാ യഥാ ലക്ഷണം, അവ്യയീഭാവഃ അപ്രയുക്തേ ലക്ഷണാഭാവസ്യൈവ യോഗ്യതാ നതു ലക്ഷണസ്യേത്യൎത്ഥഃ" എന്ന ഉദ്യോതവ്യൽപാദനവുമാകുന്നു. വിശേഷിച്ചു്, "യേ പുനഃ കാൎയ്യാഭാവാഃ നിവൃത്തൌ താവത്തേഷാം യത്നഃ ക്രിയതേ; തദ്യഥാ—ഘടേന കാൎയ്യം കരിഷ്യൻ കുംഭകാരകുലം ഗത്വാഹ—കുരു ഘടം കാൎയ്യമനേന കരിഷ്യാമീതി. ന തദ്വച്ഛബ്ദാൻ പ്രയുയുക്ഷമാണോ വൈയാകരണകുലം

ഗത്വാഹ—കുരുശബ്ദാൻ പ്രയോക്ഷ്യ ഇതി" എന്ന മഹാ ഭാഷ്യസിദ്ധാന്തവും ഈ അവസരത്തിൽ ഓൎമ്മിക്കേണ്ടതാണ്.

ലക്ഷ്യമില്ലാതിരിക്കെ ലക്ഷണമുണ്ടെന്നുവെച്ചു് അതിനെക്കൊണ്ടു പുതുതായി ലക്ഷ്യം നിൎമ്മിക്കുവാൻ പാടില്ലെന്നു ശാബ്ദികന്മാൎക്കു പരമപ്രാമാണികനായ മഹാഭാഷ്യകാരൻ വിരോധിച്ചിരിക്കെ "തസ്മൈ ഹിതം" എന്ന ലക്ഷണംകൊണ്ടു രാഷ്ട്രീയമെന്നൊരു ലക്ഷ്യം സൃഷ്ടിച്ചു് അതിന്നു സാധുത്വമനുശാസിക്കുന്നതു് വൈയാകരണന്മാൎക്കു എങ്ങിനെ സ്വീകാൎയ്യമാകും?

"രാഷ്ട്രം ഹിരണ്യം ഭോഗേന ഭോക്തും രാഷ്ട്രീയ ഭോഗതഃ" എന്ന ഭാരതപ്രയോഗം ശബ്ദകല്പദ്രുമത്തിൽ എടുത്തു കാണിച്ചിട്ടുണ്ടല്ലോ എന്നു ശഠിക്കുന്നതുകൊണ്ടും പ്രയോജനമില്ല. ആൎഷപ്രയോഗം ലൌകികപ്രയോഗവിഷയത്തിൽ പ്രമാണമാകയില്ലെന്ന വസ്തുത അപലപിക്കാവുന്നതല്ല. വിശേഷിച്ചു് "രാഷ്ട്രീയഭോഗതഃ" എന്ന ഹ്രസ്വപാഠത്തിൽ വൃത്തഭംഗത്തിന്നിടയില്ലായ്കയാൽ ദീൎഘം ലേഖകപ്രമാദത്താലോ അച്ചടിപ്പിഴവഴിക്കോ മറെറാ പററിപ്പോയതല്ലെന്നതിലേക്കു പ്രമാണവുമില്ല. രാഷ്ട്രീയം എന്ന ശബ്ദം ഭാവാൎത്ഥത്തിൽ ഛപ്രത്യയംകൊണ്ടു നിഷ്പന്നമാണെന്നുള്ള ശബ്ദകല്പദ്രുമകാരന്റെ വചനം പ്രാമാദികമാണെന്നുള്ളതു് അഭിജ്ഞസമ്മതമായിരിക്കെ. അദ്ദേഹത്തിന്റെ തദനുരോധിയായ പാഠപ്രദൎശനം മാത്രം പ്രാമാണികമാണെന്നുപറഞ്ഞാൽ നില്ക്കുമോ? അൎദ്ധജരതീയം ഹേയമാണല്ലോ.

ഭാഷയിൽ രാഷ്ട്രീയമെന്നു ധാരാളം പ്രയോഗം കാണുന്നുണ്ടെന്നുള്ള വാദവും കാൎയ്യകാരിയല്ല. സംസ്കൃതപദസാധുതയ്ക്കു മലയാളഭാഷാപദപ്രയോഗം സാധകമാകുന്നതെങ്ങിനെ? രാഷ്ട്രീയമെന്ന ഭാഷാപദത്തിന്റെ സാധുതയെക്കുറിച്ചാണ് വിവാദമെങ്കിൽ അതിലേക്കു സംസ്കൃതവ്യാകരണമായ പാണിനീയത്തിലേക്കു കടക്കേണ്ട ആവശ്യമില്ല തന്നെ. പരന്ത്യം, ത്രാണനം, ക്ഷണനം, ഐക്യത, പ്രാധാന്യത, ആത്മികം, ദൈവീകം, ലൌകീകം, പ്രിയസഖി, പാൎത്ഥസഖി, ആകാശപന്ഥാവു്, മഹൽഗ്രന്ഥത്തിൽ എന്നുതുടങ്ങിയ അസംഖ്യം പദങ്ങളും ഭാഷയിൽ പ്രചുരപ്രചാരങ്ങളായിട്ടുണ്ടല്ലോ, രാഷ്ട്രീയത്തേയും ആ കൂട്ടത്തിൽ കൂട്ടിഗണിക്കമാത്രമേ വേണ്ടു. രണ്ടുതോണിയിലും കൂടി ഒരുമിച്ചു് കാൽവെക്കുന്നതു അനൎത്ഥത്തിലാണു പരിണമിക്കുക. ആകയാൽ "കാഷ്ഠശഗേവനാസ്തി കുതോയഃ കാഷ്ഠശകിതിഷ്യേൽ" എന്ന ഭാഷ്യകാര

വചനം അനുസരിച്ചു കല്ലിനാഥൻ പ്രവൎത്തിക്കുന്നതു് ഉൽകടമായ ഔദ്ധത്യമായി ഗണിക്കയില്ലെന്നുവരികിൽ രാഷ്ട്റീയമെന്നൊരു പ്രാമാണികപ്രയോഗമേ ഇല്ലാതിരിക്കെ. സാധുത്വത്തിൻെറ കഥയെവിടെ എന്നിവനും ചോദിക്കുന്നു രാഷ്ട്റീയസൃഷ്ടിതന്നെ വിശ്വാമിത്രസൃഷ്ടിപോലെ അനാദരണീയമായിരിക്കെ അതിൻെറ സാധുത്വാനുശാസനമുണ്ടോ ആദരണീയമാകുന്നു? ഇത്രമാത്രമേ ബിരുദമുള്ള വൈയാകരണനോടും ബ്രഹ്മശ്രീ പി. എസ്. അനന്തനാരായണശാസ്ത്രികളോടും കടലാസിനു വില കൂടിയ ഈ അവസരത്തിൽ കല്ലിനാഥൻ സവിനയം ബോധിപ്പിക്കുന്നുള്ളു. കൂട്ടത്തിലായി, ശാസ്ത്രികളോട് ഒരു കാൎയ്യംകൂടി. രാഷ്ട്റീയവ്യവസായം, രാഷ്ട്റീയവിദ്യാഭ്യാസം ഇത്യാദികൾ വളരെ സമുചിതാൎത്ഥങ്ങളാണ് ഈ ഉദാഹരണങ്ങളിൽ ഹിതാൎത്ഥത്തിനല്ലേ അധികം ഔചിത്യം" എന്നു പറയുന്ന ശാസ്ത്രികൾ "രാഷ്ട്റീയവിഷയപ്രതിപാദകാനാം പത്രാണാമാധിപത്യമവാക്ഷീൽ" എന്ന തൻെറ സ്വന്തം പ്രയോഗത്തിലേക്കു ഒന്നു തിരിഞ്ഞുനോക്കിയാൽ കൊള്ളാമെന്നു മാത്രമാണ് അതു്.

ഈ ലേഖനത്തിൽ കല്ലിനാഥമണ്ഡലിയുടെ ബഹുമുഖമായ പുതിയ ശ്ലോകവ്യുൽപത്തിയെപ്പററി വല്ലതും പറയുന്നതു് ഉചിതമല്ലായ്കയാലും വിശേഷിച്ചു്, ശബ്ദാനുശാസനവൈഭവം, ശാസ്ത്രാൎത്ഥപ്രകാശനസാമൎത്ഥ്യം, ന്യായനയകോവിദത്വം, സാഹിത്യനിപുണത്വം, വിമൎശനചാതുൎയ്യം, ലക്ഷണനിൎമ്മാണവിചക്ഷണത്വം, വ്യാഖ്യാനപ്രാഗത്ഭ്യം, ഗവേഷണപ്രാവീണ്യം, പ്രവചനപാടവം, വാക്യരചനാവൈശാരദ്യം, രസികത്വം, രസസ്വരൂപവിവേചകത്വം, പാശ്ചാത്യശാസ്ത്രവൈജ്ഞാനികത്വം മുതലായി അസംഖ്യം വിഷയങ്ങൾ പ്രത്യേകം പ്രതിപാദിക്കേണ്ടതായിരിക്കയാലും മറെറാരവസരത്തിലേക്കു നീക്കിവെയ്ക്കാനേ നിവൃത്തിയുള്ളു. തല്ക്കാലം ഇത്രമാത്രം.

## ആരോഗ്യസ്തവം.

മററാരോടാണുണൎത്തുന്നതു മമ മനനീദേവനുള്ളോരു ദീനം
മാററി, തൽക്കായസൗഖ്യോദയമരുളുവതിന്നുള്ളിലോൎത്തീടുകമ്മേ!
മററും തൽഭൃത്യരല്ലീ! വിധിഹരിഹരരും ദേവി! നിൻചില്ലിരണ്ടും
തെറെറന്നൊന്നുച്ചലിപ്പിയ്ക്കുകിൽ മതിയടിയത്തിന്നു സാധിച്ചു കാൎയ്യം.

2

അമ്മേ! മാറാതെയീ മാലകമലരിലണയ്ക്കുന്നിതസ്വാസ്ഥ്യമെമ്മ-
ട്ടിമ്മെ താങ്ങീടുമാവില്ലിനിയുമഴൽ വളൎന്നീടിലെന്നിഷ്ടനിപ്പോൾ
അമ്മേഘശ്യാമമായുള്ളൊരു തിരുവുടൽ കാണിച്ചു കാരുണ്യപൂരം
സമ്മേളിച്ചുള്ള തൃക്കൺമുന വിരവിലണച്ചേക തദ്ദേഹസൗഖ്യം.

3

സാരസ്യം ചേൎന്ന, സാരസ്വതകുചയുഗളീസ്തന്യസാരം നുകൎന്നീ-
പ്പാരിൽ സൂരിവ്രജം മുത്തൊടുമുടിയിലണിഞ്ഞുള്ള മുക്താലലാമം
ശ്രീരാജൽശ്രീധരാഭിഖ്യയിലുലകറിവോനിദ്വിജന്നാടൽ മാററീ-
ട്ടാരോഗ്യം നൽകുകമ്മേ! സമുദിതകരുണാപൂരപീയൂഷമേകി.

4

ചാരത്തും ദൂരദേശങ്ങളിലുമൊരുവിധം പാദചാരേണ ദീന-
ക്കാരെക്കണ്ടെത്തിയത്തൽക്കുറുതിയരുളിടും വൈദ്യനാമീ സുഹൃത്തിൽ
വാരം വാരം വളൎന്നീട്ടശകദനമണയ്ക്കുന്നൊരീപ്പാദരോഗം
പാരം വേഗത്തിൽ മാററി സഹൃദയഹൃദയോല്ലാസമേകീടുകമ്മേ!

5

കേളീസൗധത്തിലാളീപരിജനകൃതമാം നമ്മകോലാഹലത്തിൻ
കോളിൽ കേൾക്കാത്തയാമീ ദ്വിജനുടെ കരുണപ്രാൎത്ഥനാലാപഭേദം
നാളീമട്ടെത്ര പോക്കാം രുജയിതിനു ശമം നൽകിടാറായതില്ലേ
കാളീ! നീയൊന്നു നോക്കിപ്പുരികചലനമാത്രേണ സാധിക്ക കാൎയ്യം.

6

കാളി തൽഭാവനാപാവനകരണചയൻ ഭക്തനാമിദ്വിജൻ തൽ-
ക്കേളീഹസ്താബ്ജനിഷ്യന്ദമധുമധുരസുധാസൂക്തിസൂനങ്ങളിന്നും
ആളുമ്മോദാലപാംഗേൽക്കരരുചിനിരയാം നീലഭൃംഗാളി നിത്യം
മേളിക്കുമ്മാറു നിൻകാൽത്തളിരിലനുദിനം കാഴ്ചവയ്ക്കുന്നതില്ലേ.

7

അമ്മട്ടുള്ളൊരു ധന്യൻ ജനനതിഥിമുതൽക്കിട്ടിനത്തോളമാക്കും
സമ്മോദം നൽകയല്ലാതൊരുവനിലുമഴൽപാടണയ്ക്കാതിരിപ്പോൻ
ഇമ്മട്ടായിക്കഴിഞ്ഞാലിനിയുമടിപണിഞ്ഞീടുവാനാരു മേലാ-
ലമ്മേ! നിൻസച്ചരിത്രത്തിലുമൊരു പഴുതിന്നാദ്യമായ്ത്തീരുമല്ലോ

8

ആരിൽ കാണുന്നിതായുഷ്കരമലകിനുതൻജീവിതാദൎശമിന്നും
സ്മേരാസ്യോൽഗീൎണ്ണമാം വാങ്മധു സഹൃദയഹൃൽപ്രീതിദാനോൽകമായും
നേരായ് വൈദ്യാംഗമാബ്ധിക്കൊരുകുളിർമതിയായ് തൽപ്രവൃദ്ധിക്ക താങ്ങായ്
പ്പാരിൽ ചേരാന്നൊരീ ഭക്തനിലഴലിതുമട്ടാവതോൎക്കാവതല്ലേ

9

കാലിൽ കാണായ ദീനത്തിനു കുറവുവരുന്നില ഹാ-കൎമ്മപാകം
മാലാൎന്നോൎമ്മിച്ചുമുള്ളൊട്ടുരുകിമിഴിവഴിയ്ക്കുത്തൽനീർ വാൎത്തുകൊണ്ടും
കാലം പോക്കുന്നു രാവും പകലുമൊരുവിധം നിദ്രയില്ലാതെ കട്ടി-
ന്മേലായ് മൽപ്രാണമിത്രം കരാന്തകരുമൊരീ കാഴ്ച കാണാവതല്ലേ.

10

ചാരത്തുണ്ടാളനേകം പരിചരണവിധിക്കൗഷധം വേണ്ടതെല്ലാ-
മോരോന്നും പാകമാക്കുന്നതി,നുപരിചികിത്സയ്ക്കുതൻദേശികേന്ദ്രൻ
പോരാതില്ലൊന്നുമെന്താകിലുമഖിലജഗന്നായികേ! മൽസുഹൃത്തിൽ
പോരുന്നീലൊന്നുമെന്തേ കനിവിതിലരുളാനോമ്മ കൈവിട്ടിതോ നീ!

11

മററാരാണിന്നു തായേ! തിരുവടിയൊഴികെത്താപമെല്ലാമകററി-
പ്പോററീടാനുള്ളു? തൃക്കാൽപണിതടിയനുണത്തുന്നു കൈക്കൊൾക വേഗം
മാററീടാതിന്നു പാദവ്രണ,മിവനണുവും മാറുകില്ലീ സുഹൃത്തിൽ
തെററെന്നാശ്വാസമേകിച്ചിരതരകുശലം ചേക്കണേ കാക്കണേ നീ

12

കല്യാംഭോജാഭമാം നിൻകഴലിണകരുതിദ്ധന്യനീ ധാത്രിദേവൻ
കല്യാപൽജന്യമായോരഴലിതകലെയായ് ക്കണ്ടുസംതൃപ്തിനേടി
കല്യാണശ്രീകരാലംബിതനിജകരനായ് തൽകൃപാലോകലീലാ-
കല്യാത്മാവായ് കലാശേഖരഭവസുകൃതക്കാതലേ! കണ്ടിടാവൂ.

13

സൂരിശ്രേണീമണീവെണ്മണിനടുവമണിഞ്ഞുള്ളൊരീ ഹീരമെന്നും
സ്ഫാരാഭം സൂക്തിസിക്താന്തരസഹൃദയസാമ്രാജ്യഭദ്രാസനത്തിൽ
രാരാജിക്കട്ടെ! നിത്യം തിരുവടിയടിയങ്ങൾക്കൊരാധാരമമ്മേ!
നേരായ് നീയീ സുഹൃത്തിന്നരുളുക നിതരാമായുരാരോഗ്യസൗഖ്യം.

കെ. എസ്. കൃഷ്ണൻ നമ്പൂതിരി,
മണ്ണൂർമനയ്ക്കൽ നാട്ട്.

# പഞ്ചമഹാകാവ്യങ്ങളിലെ കാവ്യകടാക്ഷങ്ങൾ.

കാവ്യകടാക്ഷങ്ങളെന്ന് പണ്ഡിതന്മാർ വ്യവഹരിച്ചുവരുന്നതു, കാവ്യങ്ങളിൽ, പ്രായേണ കവികൾ തങ്ങളെക്കുറിച്ചോ തങ്ങളുടെ കാവ്യങ്ങളെക്കുറിച്ചോ പാത്രങ്ങൾമുഖേനയും മററും നൽകിവരാറുള്ള സൂചനകൾക്കാണ്. സംസ്കൃതത്തിൽ പഞ്ചമഹാകാവ്യങ്ങളെന്ന് പ്രസിദ്ധിനേടിയിട്ടുള്ള രഘുവംശം, കുമാരസംഭവം, കിരാതാർജ്ജുനീയം, ശിശുപാലവധം, നൈഷധം, എന്നീ കാവ്യങ്ങളിൽ തത്തൽകർത്താക്കന്മാർ ചെയ്തിട്ടുള്ള കാവ്യകടാക്ഷശ്ലോകങ്ങളേതെന്നും എങ്ങിനെയെന്നും ചുരുങ്ങിയതോതിലൊന്നു ചിന്തിക്കുന്നത് സഹൃദയഹൃദയങ്ങൾക്ക് രസപ്രദമാകാതിരിക്കില്ലെന്നു വിശ്വസിക്കുന്നു.

ആരംഭക്രമമനുസരിച്ച് ആദ്യകാവ്യമായ രഘുവംശം 1-ാം സർഗ്ഗത്തിൽ "തം സന്തഃ ശ്രോതുമർഹന്തി സദസദ്വ്യക്തിഹേതവഃ" എന്ന

ശ്ലോകാർദ്ധംകൊണ്ടു് ഇന്നതരക്കാർക്കുമാത്രമേ (പണ്ഡിതമണ്ഡലികൾക്കു) തൻെറ കാവ്യമാസ്വാദ്യമാകയുള്ളുവെന്നു പ്രകാശിപ്പിക്കുകയാണു് കവി ചെയ്തിട്ടുള്ളതു്. പ്രസ്തുതാഭിപ്രായത്തിന്നു്, കാളിദാസകൃതികളിൽവെച്ചു് "രഘുവംശ"ത്തിന്നു് വിദ്വാന്മാരുടെയിടയിലുള്ള നിലയും വിലയും എത്രത്തോളമാണെന്നു് പരിശോധിച്ചാൽ ദാർഢ്യത കൂട്ടുകയും ചെയ്യുന്നുണ്ടു്. 2 ാം സർഗ്ഗത്തിലെ-"വംശസ്യ കർത്താരമനന്തകീർത്തിം സുദക്ഷിണായാം തനയം യയാചെ" എന്ന പദ്യഖണ്ഡംകൊണ്ടു് കാളീപ്രസാദമാണു് കാളിദാസനെ ശാശ്വതയശസ്വിയാക്കിയതെന്നും സുവ്യക്തമാകുന്നു "രഘുവംശത്തിൻെറ കർത്താവായ തന്നെ ശാശ്വതയശസ്വിയാക്കണമെന്നു് കാളിയോടു യാചിച്ചു. "നാമൈകദേശഗ്രഹണേനാമമാത്രഗ്രഹണം" എന്ന ന്യായപ്രകാരം "വംശസ്യ" എന്ന പദത്തിന്നു് "രഘുവംശസ്യ" എന്ന അർത്ഥം ഗ്രഹിച്ചുകൊൾകയും വേണം. "ഗുർവ്വർത്ഥമർത്ഥീ ശ്രുതപാരദൃശ്വാ രഘോഃ സകാശാദനവാപ്തകാമഃ-ഗതോവദാന്യാന്തരമിത്യയം മേ മാ ഭൂൽ പരീവാദനവാവതാരഃ" എന്ന 5-ാം സർഗ്ഗത്തിലെ ശ്ലോകം സുപ്രസിദ്ധമാണു്. സകല വേദശാസ്ത്രപാരംഗതനായ ഒരാൾ വ്യംഗ്യപ്രധാനമായ കാവ്യത്തെ അന്വേഷിച്ചു്, രഘുവംശത്തിൽനിന്നും തനിക്കു് ഇഷ്ടലാഭമുണ്ടാകാതെ അന്യകാവ്യത്തെ ആശ്രയിക്കേണ്ടിവന്നു എന്നൊരു ദുർയ്യശസ്സ് ഭവിക്കരുതു് എന്നാണു് പ്രകൃതശ്ലോകത്തിൽനിന്നും ധ്വനിക്കുന്ന അർത്ഥം. അതുകൊണ്ടു് വ്യംഗ്യഭംഗീതരംഗിതമാണു് തൻെറ കാവ്യമെന്നു കവിതന്നെ പറകയാണല്ലോ ചെയ്യുന്നതു്.

ദ്വിതീയകാവ്യം കുമാരസംഭവമാണു്. "വർണ്ണപ്രകർഷേ സതി കർണ്ണികാരം ദുനോതി നിർഗ്ഗന്ധതയാസ്മ ചേതഃ। പ്രായേണ സാമഗ്ര്യവിധൌ ഗുണാനാം പരാങ്മുഖീ വിശ്വസൃജഃ പ്രവൃത്തിഃ॥ യമകാദ്യനുപ്രാസങ്ങളാൽ ശബ്ദാഡംബരപ്രധാനമായൊരു കാവ്യം രസശൂന്യതകൊണ്ടു സഹൃദയഹൃദയാഹ്ലാദകമാകയില്ലെന്നും, എന്നാൽ തൻെറ കാവ്യം (കുമാരസംഭവം) ശബ്ദഭംഗിയും രസപൌഷ്കല്യവും ഒത്തൊരുമിച്ചുള്ളതാണെന്നുമാണു് മേൽപ്രസ്താവിച്ച ശ്ലോകംകൊണ്ടു കവി വ്യഞ്ജിപ്പിക്കുന്നതു്.

കിരാതാർജ്ജുനീയമാണു് അടുത്ത കാവ്യം ഭാരവിയെപ്പോലെ ഇത്രയധികം കാവ്യകടാക്ഷം ചെയ്തിട്ടുള്ള കവികൾ വേറെയില്ല. എന്നാൽ അവയെ എല്ലാംതന്നെ ഇവിടെ എടുത്തുദ്ധരിക്കുവാൻ കടലാസിൻെറ വില അനുവദിക്കുന്നില്ല. പ്രധാനമെന്നുതോന്നുന്നവയെക്കുറിച്ചു മാത്രമേ തല്ക്കാലം ചിന്തിക്കുന്നുള്ളു.

"പ്രസാദരമ്യമോജസ്വി — ഗരീയോ ലാഘവാന്വിതം
സാകാംക്ഷമനുപസ്കാരം — വിഷ്വഗ്ഗതി നിരാകുലം
ന്യായനിർണ്ണീതസാരത്വാൽ — നിരപേക്ഷമിവാഗമെ
അപ്രകമ്പ്യതയാന്യേഷാം — ആമ്നായവചനോപമം
അലംഘ്യത്വാജ്ജനൈരന്യൈഃ — ക്ഷുഭിതോദന്വദൂർജ്ജിതം
ഔദാര്യ്യദർത്ഥസമ്പത്തേഃ — ശാന്തം ചിത്തമൃഷേരിവ.

(കി. സ. 11)

വാക്കിന്റെ ഗുണഗണങ്ങളെ വർണ്ണിക്കുന്ന എന്ന വ്യാജേന തന്റെ കാവ്യത്തിന്റെ ഗുണപൌഷ്കല്യത്തെ പ്രപഞ്ചനംചെയ്കയാണ് കവി മേലുദ്ധരിച്ച ശ്ലോകങ്ങൾകൊണ്ടു സാധിച്ചിട്ടുള്ളതു്. പ്രസാദഗുണംകൊണ്ടു് പ്രശോഭിക്കുക, ഓജസ്സ്, അർത്ഥസമ്പുഷ്ടി. അസ്ഥാനത്തിൽ വിസ്തരിക്കായ്ക, അന്യോന്യബന്ധം, അദ്ധ്യാഹാരാദിക്ലേശരാഹിത്യം, അവശ്യം പറയേണ്ട കാര്യ്യങ്ങളെ ഒന്നുംതന്നെ വിട്ടുകളയാതെ പറയുക ഇത്യാദി നിരവധി ഗുണങ്ങൾ ഒരു വാക്കിന്നുണ്ടാകേണമെന്നും, അങ്ങിനെയുള്ള പദസഞ്ചയമാണ് തന്റെ കാവ്യമെന്നും അനുവാചകന്മാരെ വ്യംഗ്യരീത്യാ ധരിപ്പിക്കുകയാണ് കവി ചെയ്യുന്നതു്. ഇത്രമാത്രംകൊണ്ടു് മേൽപ്രസ്താവിച്ച ശ്ലോകങ്ങളുടെ സാരം മുഴുവനുമായിയെന്ന് അനുവാചകന്മാർ വിശ്വസിക്കയില്ലെന്ന് വിചാരിക്കുകയും, ശേഷമുള്ളവ സഹൃദയന്മാരുടെ ചിന്തക്ക് വിട്ടുതരുകയും ചെയ്യുന്നു. "പ്രവർത്തതേ നാകൃതപുണ്യകർമ്മണാം പ്രസന്നഗംഭീരപദാ സരസ്വതീ." എന്ന് 13-ാം സർഗ്ഗത്തിലുക്തമായ ശ്ലോകാർദ്ധംകൊണ്ടു കവി തന്നെക്കുറിച്ചും തന്റെ കാവ്യത്തെക്കുറിച്ചും നൽകുന്ന സൂചനകൾ നിസ്സാരങ്ങളോ, അസ്ഥാനോക്തികളോ അല്ല, പൂർവ്വജന്മങ്ങളിൽ പുണ്യംചെയ്ത ഒരുവനിൽനിന്നല്ലാതെ, പ്രസന്നവും, "കോളുകൊണ്ട കടൽപോലെ" ഗംഭീരവുമായ വാക്കു ബഹിർഗ്ഗമിക്കയില്ലെന്നും, അതുകൊണ്ടു് താൻ നീചനല്ലെന്നും, മുജ്ജന്മത്തിൽ അനവധി സൽക്കർമ്മങ്ങൾചെയ്ത ഒരു ദേഹിയാണെന്നും, അങ്ങിനെയുള്ള തന്നിൽനിന്ന് നിർഗ്ഗമിക്കുന്ന വചസ്സുകൾ നിർമ്മലങ്ങളും, പ്രൌഢങ്ങളുമാണെന്നും കാവ്യമർമ്മസ്പൃക്കുകൾക്ക് നിരാക്ഷേപം, നിസ്സങ്കോചം ധരിക്കത്തക്ക രീതിയിൽ കവി പ്രസ്പഷ്ടമായിപ്രകാശിപ്പിച്ചിരിക്കുന്നു. "ഭാരവേരർത്ഥഗൌരവം." എന്ന അഭിജ്ഞാഭിപ്രായം പ്രസ്തുതാശയത്തെ ഒന്നുകൂടി ദൃഢീകരിക്കുന്നുമുണ്ടു്.

ഇനിയത്തെ കാവ്യമായ ശിശുപാലവധത്തിൽ അത്രയധികം കാവ്യകടാക്ഷങ്ങളൊന്നുമില്ല. ഉണ്ടെന്നു പറയുന്നവതന്നെ അത്ര പ്രസ്പ

ടങ്ങളാണൊന്നു തോന്നുന്നില്ല. എങ്കിലും അവയെ ഉപേക്ഷിക്കുന്നതു് ഉചിതമല്ലെന്നു വിശ്വസിക്കുന്ന "നൈകമോജഃ പ്രസാദോ വാ രസഭാവവിദഃ കവേഃ." എന്നും "ശബ്ദാർത്ഥൗ സൽക്കവിരിവ ദ്വയം വിദ്വാനപേക്ഷതേ" എന്നുമുള്ള ഭാഗങ്ങൾകൊണ്ടു് ഒരു വരകവിക്കുണ്ടാകേണ്ടതായ ഗുണങ്ങളെയാണു് പ്രതിപാദിച്ചിരിക്കുന്നതു്. അതുകൊണ്ടു താനൊരു വരകവിയാണെന്നും, തന്റെ കാവ്യം ഒരു കവിവര്യന്റെ കവിതക്കനുരൂപങ്ങളായ ഗുണങ്ങളോടുകൂടിയതാണെന്നും വ്യഞ്ജിക്കുന്നു എന്നു് വിചാരിക്കാം.

നൈഷധമാണു് പഞ്ചമമഹാകാവ്യം:—

"ധന്യാസി വൈദർഭിഗുണൈരുദാരൈ-

ര്യ്യയാ സമാകൃഷ്യത നൈഷധോഽപി" എന്ന 3-ാം സർഗ്ഗത്തിലെ പദ്യാർത്ഥമൊഴിച്ചു് നൈഷധത്തിൽ വേറെ കാവ്യകടാക്ഷങ്ങളൊന്നുമില്ല. തന്റെ കാവ്യം വൈദർഭീരീതിയിലാണു് രചിച്ചിരിക്കുന്നതു് എന്നാണു് ആ ശ്ലോകാർദ്ധംകൊണ്ടു ധ്വനിക്കുന്നതു്. നൈഷധീയചരിതം വൈദർഭിരീതിയാണോ? അതോ, അതൊരു മിത്ഥ്യാബോധമാണോ എന്നുള്ള സംശയം പണ്ഡിതന്മാർ തീർത്തുതന്നാൽ കൊള്ളാം.

ഇങ്ങനെയെല്ലാം പറയാമെന്നു വരികിലും ഈവക ആശയങ്ങളെ ഗ്രന്ഥകാരന്മാർ, സ്വമനസാ പ്രകടിപ്പിക്കുകയാണോ ചെയ്തിട്ടുള്ളതു് എന്നുതീർത്തുപറവാൻ കൃച്ഛ്റസാദ്ധ്യമായിട്ടാണിരിക്കുന്നതു്. രഘുവംശത്തിൽ ആദ്യം കൊടുത്ത ഉദാഹരണം ("തം സന്തഃ" ഇത്യാദി) കവി അറിഞ്ഞുതന്നെ പ്രയോഗിച്ചതാണെന്നു സംശയമെന്യേ സ്വശിരഃകമ്പം സമ്മതിക്കാം. മററുള്ളവ, പണ്ഡിതന്മാരുടെ ദൃഷ്ടിയിൽ മാത്രമല്ല, കവികളും ചില ഉദ്ദേശ്യങ്ങളെ ഉള്ളിൽവെച്ചിട്ടാണു് രചിച്ചിട്ടുള്ളതു് എന്നു് ആ ശ്ലോകങ്ങളെക്കുറിച്ചു ഗാഢമായാലോചിക്കുന്നതിന്നു മുമ്പുതന്നെ ശ്ലോകങ്ങൾ വായിച്ചുനോക്കുമ്പോൾ പെട്ടെന്നുതന്നെ തോന്നിപ്പോകുകയും ചെയ്യും. എങ്ങിനെയായാലും പണ്ഡിതമതം ഒരിക്കലും പിഴക്കുയില്ലല്ലോ.

കാവ്യഭൂഷണം,
എം. എൽ. നാരായണമേനോൻ.

പ്രോത്സാഹനാത്ഥം.

## *പ്രാത്ഥന.

—*—

(ഗാഥ)

നെല്ലുവായിൽ വാഴുമീശ്വര! നിൻകൃപ-
തെല്ലെന്നിലുണ്ടാകുമാറാകണം.

ചിത്സ്വരൂപ! നിൻെറ വാമനകായവും
വിശ്വരൂപവും ഞാൻ കണ്ടീടട്ടെ!

നാരായണാ! നിൻെറ നാമം ജപിക്കുവാൻ
നാവിന്നു കെല്പെനിക്കേകീടേണം.

ധന്വന്തരമൂത്തിയാകുന്ന നീയെന്നെ
ധന്യയായ് തീക്കേണം തമ്പുരാനെ!

ഗോകുലമാകവെ നിൻകൃപയൊന്നിനാൽ
ശോകവിഹീനമായ് വാണീലയോ?

ദുമ്മതിയാകിയ കംസനേക്കൂടിയു-
മമ്മാമനായിട്ടും കൊന്നീലേ നീ?

നിന്മായകൊണ്ടൊരു പുൽച്ചെടിക്കൂടിയും
ദിവ്യൗഷധമായിത്തീരുമല്ലോ!

കോടൽക്കാർവണ്ണൻെറ ലാളനമേററുള്ളോ-
രോടക്കുഴലേ! നീ ധന്യധന്യൻ!!

ഉത്താനപാദൻെറ പുത്രൻെറ ഭക്തിയി-
ലെത്രയും തൃപ്തനായ് തീന്നപോലെ

സച്ചിദാനന്ദസ്വരൂപ! കൃപയിന്നി-
ക്കൊച്ചുകുമാരിയിൽ വാച്ചീടേണം.

തെക്കേടത്തു മനയ്ക്കൽ ശ്രീദേവി.

---

* പത്തുവയസ്സുമാത്രം പ്രായമുള്ള ഒരു അന്തജ്ജനബാലികയുടേതാണ് ഈ കവിത. ഈ കുമാരിയുടെ ഉജ്വലമായ കവിതാവാസന നിത്യഭാസുരമായി പരിലസിക്കുവാൻ നെല്ലുവായ ധന്വന്തരമൂത്തിതന്നെ കനിയട്ടെ! (രാ. പ.)

# ടാഗൂർ.

—✻—

(മഞ്ജരി)

കാവ്യനഭസ്സിലെത്താരങ്ങളോരോന്നും
ദിവ്യമാംചേതസ്സൊഴിഞ്ഞിരിയ്ക്കെ;
ശ്രീമണമെങ്ങും പരത്തിയ ഭാരത-
ക്കോമളപ്പൂവൊന്നണഞ്ഞു കാണ്കെ;
ലൌകികജീവിതപ്പൂമ്പതാകയ്ക്കൊരു
മൌക്തികത്തേജസ്സുവന്നുവീഴ്കെ;
സന്ന്യാസിമാർകളിലഗ്രജനാം ദേവ-
നന്യമാം ലോകത്തെപ്പുൽകിനില്ക്കെ;
എന്തോ മനമെന്നോടോതിത്തുടങ്ങിനാൻ
"ഹന്ത, ഗുരുദീപം കെട്ടുപോയോ?
ഭാവിതൻവാനത്തിൽ ടാഗൂറിൻ ഹസ്തങ്ങൾ
താവിത്തിളങ്ങുകയില്ലയെന്നോ?"
അപ്പോൾ ഞാൻ കേട്ടു; വിവേകവിഭൂഷമാം
കെല്പെഴും വാക്കുകൾ, നാലഞ്ചെണ്ണം!:—
"എങ്ങുമുണ്ടെങ്ങുമുണ്ടെന്നുമെന്നാത്മാവു
മങ്ങാതെ നിങ്ങളെ നോക്കിനില്ക്കും!"

എ. എൻ. അക്കിത്തം.

---

പുസ്തകാഭിപ്രായം

## കേരളസിംഹം

(വില 1ക 8ണ.)

ഗ്രന്ഥകർത്താ: സർദാർ·കെ. എം. പണിക്കർ.

---

സുപ്രസിദ്ധമായ മംഗളോദയം കമ്പനിയിൽനിന്നും ഞങ്ങൾക്ക്, അഭിപ്രായത്തിന്നായി അയച്ചുതന്ന "കേരളസിംഹം" എന്ന നോവൽ ഞങ്ങൾ ആപാദമസ്തകം വായിച്ചുനോക്കി. ഇംഗ്ലീഷ്, മലയാളം എന്നീ ഭാഷകളിൽ അനേകം സൽഗ്രന്ഥങ്ങൾ നിർമ്മിച്ച് പൊതുജനങ്ങളെ ധാരാളം രസിപ്പിച്ചിട്ടുള്ള സർദാർ കെ എം പണിക്കർ അവർകളാണ് കേരളസിംഹത്തിന്റെ കർത്താവെന്നു പറയുമ്പോൾത്തന്നെ ആ ഗ്രന്ഥത്തി

ന്ന് ഒരു പ്രത്യേക അഭിപ്രായം വേണമെന്നു തോന്നുന്നില്ല. എന്നാൽ പ്രസ്തുതഗ്രന്ഥത്തിൽ ഉപയോഗപ്പെടുത്തിട്ടുള്ള ഭാഷാരീതി ഏതു പാമരന്മാൎക്കും പ്രയാസംകൂടാതെ മനസ്സിലാക്കുവാൻതക്ക വിധം ലളിതകോമളമായിട്ടുണ്ട്. കഥാസാരം കേരളീയൎക്ക് പ്രത്യേകിച്ചും ഏററവും വിലപിടിച്ചതാണ്. സാധാരണനോവലുകൾ ഒരിക്കൽ വായിച്ചാൽ, കഥാസാരത്തെ സംബന്ധിച്ചേടത്തോളം, അതിനെ വീണ്ടും വായിക്കേണമെന്ന് വായനക്കാൎക്ക് തോന്നുക പതിവില്ല. കേരളസിംഹത്തിലെ കഥാസാരം അങ്ങിനെയുള്ളതല്ല. അതു വായിക്കുംതോറും, വായനക്കാൎക്ക് കഥാനായകന്റെ പേരിലുള്ള ഭക്തിബഹുമാനങ്ങൾ വൎദ്ധിച്ചുവരികയാണ് ചെയ്യുക. കഥകളി പ്രസ്ഥാനത്തിലെ, നാലു നെടും തൂണുകളായ കോട്ടയം കഥകളുടെ കൎത്താവാണ് ഈ നോവലിലെ കഥാനായകൻ എന്നറിയുമ്പോൾ ഏതു കേരളീയനും അത്ഭുതമോ ആനന്ദമോ തോന്നാതിരിക്കുകയില്ല എന്നാൽ കോട്ടയം ആട്ടക്കഥകളുടെ കൎത്താവായ കോട്ടയത്തു തമ്പുരാൻ തന്നെയോ ഈ കേരളസിംഹം എന്നുള്ള കാൎയ്യം ഇന്നും വാദവിഷയത്തിൽപ്പെട്ടിരിക്കുന്ന സംഗതിയാണ്

ഒരു കാലത്ത് യൂറോപ്പുരാജ്യത്തെ മുഴവൻ കിടുകിടെ വിറപ്പിച്ചിട്ടുള്ള പ്രഖ്യാതനായ നെപ്പോളിയനെ, യുദ്ധത്തിൽ പരാജയപ്പെടുത്തിയ വില്ലിങ്ങ്ടൺ ഡ്യൂക്കിനെ പററി അറിയാത്തവർ ആരുമുണ്ടാകില്ലെന്നുതന്നെ പറയാം. ചരിത്രപ്രസിദ്ധനായ ആ ഡ്യൂക്കിനെ കേരളത്തിൽവെച്ചു നട്ടംതിരിപ്പിച്ച ഒരു വീരപുരുഷനാണ്, കോട്ടയത്തു തമ്പുരാനെന്ന പഴശിരാജാവ്. കഥാപുരുഷനായ അദ്ദേഹം കമ്പനിപട്ടാളങ്ങളെ യുദ്ധഭൂമിയിൽ അടിക്കടി മുട്ടുകുത്തിച്ചിരുന്നു. പഴശിരാജാവിനെ കീഴടക്കുവാൻവേണ്ടി കമ്പനിമേലധികാരികൾ പ്രത്യേകം അയച്ച ആളായിരുന്നു, പിൽക്കാലത്ത് വെല്ലിങ്ങ്ടൺ ഡ്യൂക്ക് എന്ന് സ്ഥാനം സിദ്ധിച്ച, സർ ആർതർ വെല്ലസ്ളി. സർ ആർതർ ചതുരുപായങ്ങളും ഉപയോഗിച്ച് പഴശിരാജാവിനെ കിഴടക്കുവാൻ ശ്രമിക്കുകയുണ്ടായി. പഴശിരാജാവുമായുള്ള യുദ്ധങ്ങളിൽ, സർ ആർതറിന്ന് സിദ്ധിച്ച യുദ്ധപരിചയമാണത്രെ അദ്ദേഹത്തിന്ന് ലോകപ്രസിദ്ധനായ നെപ്പോളിയനെ തോല്പിക്കുവാൻ സഹായമായത്.

കേരളീയർ ഈ ഗ്രന്ഥത്തെ ഒരു അമൂല്യരത്നമായിട്ടാണ് കരുതേണ്ടത്. ലോകചരിത്രത്തിൽ കാണപ്പെടുന്ന പ്രസിദ്ധന്മാരായ യുദ്ധവീരന്മാരോടു മാററുകുറയാതെ കിടപിടിപ്പാൻ യോഗ്യതയുള്ള മഹാരഥന്മാർ കേരളത്തിലും ഉണ്ടായിരുന്നുവെന്നുള്ളതിലേക്ക് കേരളസിംഹം ഒരു ഒന്നാന്തരം ലക്ഷ്യമായിട്ടുണ്ട്. ഏതായാലും കേരളസിംഹം ചരിത്രപ്രധാനമായ ഒരാഖ്യായികതന്നെ.

അച്ചടിപ്പിഴകളില്ലാതെ ഭംഗിയിൽ അച്ചടിച്ച്, കേരളസിംഹത്തെ പുറത്താക്കിയ, പ്രസാധകന്മാരായ മംഗളോദയം കമ്പനിക്കാരോട്, കേരളീയർ എന്നും കടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഗ്രന്ഥവില, കടും അധികമാണെന്ന് ഞങ്ങൾക്കു തോന്നുന്നില്ല. മംഗളോദയം അച്ചുകൂടം തൃശ്ശിവപേരൂർ എന്ന മേൽവിലാസത്തിലപേക്ഷിച്ചാൽ ഈ പുസ്തകം കിട്ടുന്നതാണ്.

# ചിരിയും കരച്ചിലും

## ഗ്രന്ഥകർത്താ: ടി. ആർ. നായർ, തൃശ്ശൂർ.

ഇക്കഴിഞ്ഞ മകരം ലക്കം കൈരളിയിൽ പേരുവയ്ക്കാത്ത ഒരു കവിത വായിക്കുന്നതിനു് ഞങ്ങൾക്കിടയായി. വിഷയാനുക്രമണികയിൽ നോക്കീട്ടും ലേഖകൻെറ പേർ കാണ്മാനിടയായില്ല. പിന്നീട്ട് ആ കവിത പുസ്തകരൂപത്തിൽ അഭിപ്രായത്തിനു കിട്ടിയപ്പോളാണു് ശ്രീമാൻ ടി. ആർ. നായരവർകളുടെ കൃതിയാണെന്നു ഞങ്ങൾക്കു മനസ്സിലായതു്. ബിരുദമില്ലെങ്കിലും യഥാർത്ഥപണ്ഡിതനായ മി. ടി. ആർ. നായർ എവിടെനിന്നെങ്കിലും ഒരു കഷണം ബിരുദം വാങ്ങിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരമിളി പിണയുമായിരുന്നില്ല

ചിരിയും കരച്ചിലും വായിച്ചപ്പോൾ ഉടനെ ഞങ്ങൾക്കു തോന്നിയതു് മഹാകവി വള്ളത്തോളിൻെറ "അച്ഛനും മകളും" എന്ന കൃതിയുടെ ഒരു ഛായയാണു്.

കുട്ടിയമ്പലം തീർത്തു കളിച്ചു, സന്ധ്യയ്ക്കാലിൻ
ചോട്ടിൽ മുത്തച്ഛൻ പാഠം നിർത്തിവിട്ടപ്പോൾ ഞങ്ങൾ
കൂവളക്കായ് കൊണ്ടുള്ളോരിടയ്ക്കകൊട്ടിക്കൊട്ടി
പാവയാം ദൈവത്തിനു പൂജയുമാരംഭിച്ചു

കുശലവന്മാരുടെ കളിക്കു വിഘ്നംവരുത്തിയ കുരങ്ങച്ചാരെ പിടിച്ചുകെട്ടി അമ്മയുടെ അടുക്കൽ കൊണ്ടുവക്കയും സീത ആ വാനരൻ ഹനുമാനാണെന്നു പറഞ്ഞു നമസ്കരിപ്പിക്കയും ചെയ്തു. പിന്നീട്ട് കുട്ടികളും ഹനുമാനുമായുള്ള സംഭാഷണങ്ങൾ തുടങ്ങുകയും രാമായണം കഥയാരംഭിക്കുകയും ചെയ്യുന്നു. അനന്തരം കുട്ടികൾ കുരങ്ങച്ചാരെ കളിയാക്കുന്നു. ആ സമയത്തുണ്ടായ സന്തോഷസന്താപങ്ങളുടെ ചിരിയും കരച്ചിലുമാണു് ഇതിലെ പ്രതിപാദ്യവിഷയം. കുട്ടികളുടെ സ്വഭാവം കാണിക്കുന്നതിൽ കവി വരുത്തീട്ടുള്ള പരിശ്രമം ശ്ലാഘനീയംതന്നെ

ആരുവാൻ നിങ്ങൾക്കച്ഛനാരോമൽപ്പൈതങ്ങളെ
ആരുവാൻ ധനുർവ്വേദം നിങ്ങളെപ്പഠിപ്പിച്ചു? എന്നുള്ള ഹനുമാൻെറ

ചോദ്യത്തിനു് "താങ്കളെപ്പോലെ ദേഹം വെണ്ണീറാൽ വെളുത്തവൻ
താങ്കളെപ്പോലെ താടിക്കാരനായ് ചിരിപ്പവൻ
പിമ്പിൽ വാലില്ലെന്നാലും തലയിൽപ്പിരിച്ചിട്ടു
പാമ്പിനെപ്പോലാലംബിച്ചായതുമേരും വൃദ്ധൻ
നീലവണ്ടണിയക്ഷമാലയും മരത്തിൻെറ
തോലുടുത്തും തുക്കാൽക്കു പാദുകമിട്ടും ധന്യൻ
മൺകമണ്ഡലുകയ്യിലെടുത്തിട്ടുടജത്തി-
ന്നങ്കണത്തിങ്കൽ നിൽപ്പൂ മംഗലാത്മാവാം ചാര്യൻ
അദ്ദേഹ-മാമുത്തച്ഛനസ്ത്രവിദ്യകൾ നൽകി
അദ്ദേശികേന്ദ്രൻ രാമായണവും പഠിപ്പിച്ചു" എന്നാണു് മറുപടി

ഇങ്ങനെ ഇതിലുള്ള എല്ലാ വരികൾക്കും അനന്യസാധാരണമായ പുതുമയും സൌന്ദര്യവും ഉണ്ടെന്നു് സാഹിത്യരസികന്മാരായ ഏവരും സമ്മതിക്കുകതന്നേ ചെയ്യും.

പഞ്ചവാദം എട്ടുകൊല്ലം പഠിച്ചു് സാഹിത്യരംഗത്തിൽ നടനമാരംഭിച്ചിട്ടുള്ള ഈ മാന്യയുവകവിയ്ക്കു് ഞങ്ങൾ ശോഭനമായ ഭാവി ആശംസിച്ചുകൊള്ളുന്നു.